"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ ടാങ്കറുകളിലൂടെ കുടിവെള്ളം ഉൾപ്പെടെയുള്ള ജലശേഖരണവും, വിതരണവും, പരിപാലനവും, നിയന്ത്രണവും സംബന്ധിച്ച ബൈലോ, 2021

- പ്രസിദ്ധീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

**സ.ഉ.(കൈ) നം.5/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/01/2021

---

പരാമർശം:- 1 തിരുവനന്തപുരം നഗരസഭ കൗൺസിലിന്റെ 24/12/19-ലെ 3(ഡി)2 നമ്പർ തീരുമാനം.

2 തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 19/09/2020-ലെ എച്ച്19/64372/19 നമ്പർ കത്ത്.

3 നഗരകാര്യ ഡയറക്ടറുടെ 12/10/2020-ലെ എൽ-14749/2020നമ്പർ കത്ത് .

**ഉത്തരവ്**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, സെക്ഷൻ 567 പ്രകാരം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ ടാങ്കറുകളിലൂടെ കുടിവെള്ളം ഉൾപ്പെടെയുള്ള ജലശേഖരണവും, വിതരണവും, പരിപാലനവും, നിയന്ത്രണവും സംബന്ധിച്ച ബൈലോ തിരുവനന്തപുരം നഗരസഭ സെക്രട്ടറി പരാമർശം (2) പ്രകാരം സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ ടാങ്കറുകളിലൂടെ കുടിവെള്ളം ഉൾപ്പെടെയുള്ള ജലശേഖരണവും, വിതരണവും, പരിപാലനവും, നിയന്ത്രണവും സംബന്ധിച്ച് **ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന ബൈലോയ്ക്ക്** 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 572 പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(3) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 572(2) പ്രകാരം, "തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ ടാങ്കറുകളിലൂടെ കുടിവെള്ളം ഉൾപ്പെടെയുള്ള ജലശേഖരണവും, വിതരണവും, പരിപാലനവും, നിയന്ത്രണവും സംബന്ധിച്ച ബൈലോ", തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(4) പിഴ ഈടാക്കുന്നത് സംബന്ധിച്ച് ആക്ടിന് അനുസൃതമായി ബൈലോയിൽ വ്യവസ്ഥ

കൊണ്ടുവരുന്നതിനുള്ള . പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ നഗരകാര്യ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

1.ഡയറക്ടർ നഗരകാര്യ വകുപ്പ്, തിരുവനന്തപുരം.

2. സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.

3.എക്സിക്യൂട്ടീവ് ഡയറക്ടർ, എം.കെ.എം.

4.തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്(അറിവിലേയ്ക്കായി)

5.ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)

6.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SINDHU P G
Date: 2021.01.13 09:56:18 IST
Reason: Approved
സെക്ഷൻ ഓഫീസർ